6
ജൂൺ 2023
ചൊവ്വ Pages 5
Vol 2. Issue. 124

ക്രിസ്ത്യൻലൈവ് ദിനപത്രം
on the battlefield for the Great commission
CNL7 MEDIA
493

# ഡൽഹിയിൽ ദൈവാലയങ്ങൾ അടച്ചുപൂട്ടുമെന്ന് ഭീഷണി



രണ്ടാഴ്ചക്കുള്ളിൽ ദേവാലയം അടച്ചുപൂട്ടണമെന്നാണ് തീവ്രഹിന്ദുത്വവാദികളുടെ ഭീഷണി. ഹിന്ദു സേനയിൽ നിന്നുള്ളവരാണെന്നു പറഞ്ഞ ഹിന്ദുത്വവാദികൾ ഈ ഗ്രാമത്തിൽ തങ്ങൾ ക്രൈസ്തവ ദേവാലയം അനുവദിക്കില്ലെന്നും അവർ പറഞ്ഞു

*Editorial*

ക്രിസ്ത്യൻ ലൈവ് ദിനപത്രം

2023 ജൂൺ
6 ചൊവ്വ



## രഹസ്യങ്ങളെ വെളിപ്പെടുത്തുന്ന ദിവസം

**ക**ഴിഞ്ഞ ദിവസം ഒഡിഷയിൽ ഉണ്ടായ ട്രെയിൻ ദുരന്തം മനുഷ്യ മനസാക്ഷിയെ ഞെട്ടിക്കുന്നതായിരുന്നു. രണ്ടു ട്രെയിനുകൾ കൂട്ടിയിടിച്ചു അതിന്റെ രക്ഷാപ്രവർത്തനം നടന്നുകൊണ്ടിരിക്കുമ്പോൾ, മറ്റൊരു ട്രെയിൻ വന്നു രക്ഷിക്കുവാൻ ശ്രമിക്കുന്നവരെ ഇടിച്ചു തെറിപ്പിക്കുന്നു. ഇത് റെയിൽവേയുടെ വീഴ്ചയാണ്. മൃതദ്ദേഹങ്ങൾ വലിച്ചെറിയുന്ന കാഴ്ച ആരെയും വേദനിപ്പിക്കുന്നു. ഇതിന്റെയെല്ലാം പിൻപിൽ പ്രവർത്തിക്കുന്ന ചില വൻശക്തികൾ ആരുമറിയാതെ സന്തോഷിക്കുന്നു. മനുഷ്യർക്കെതിരെ വിവിധ ക്രൂരതകൾ ചെയ്തിട്ട് ആരും അറിയില്ല എന്ന് കരുതി ജീവിക്കുന്ന മാഫിയാ സംഘങ്ങൾ. ഒരു പ്രശ്നത്തെ മറയ്ക്കുവാൻ മറ്റൊരു പ്രശ്നം ഉണ്ടാക്കുന്നു. നിരപരാധികളായ അനേകർ കൊല്ലപ്പെടുന്നു. തെറ്റ് ചെയ്യുന്നവർ സുഖമായി സമൂഹത്തിൽ വിലസുന്നു, തെറ്റ് ചെയ്യാത്തവർ ശിക്ഷിക്കപ്പെടുന്നു. എന്നാൽ വേദപുസ്തകം പറയുന്നു മനുഷ്യർ രഹസ്യമായും പരസ്യമായും ചെയ്ത എല്ലാ കുറ്റങ്ങൾക്കും തക്കതായ ശിക്ഷ ലഭിക്കുന്ന ഒരു ന്യായവിധി ദിവസം ഉണ്ട്. അതുകൊണ്ട് ഭയത്തോടെ ഈ ലോക ജീവിതം നയിക്കുവാൻ ശ്രമിക്കുക. എല്ലാ രഹസ്യങ്ങളും വെളിപ്പെടും. നാം ചെയ്ത എല്ലാ പാപങ്ങളും പരസ്യമാകും. മനുഷ്യന്റെ മുൻപിൽ അണിഞ്ഞിരിക്കുന്ന എല്ലാ മുഖംമൂടികളും അന്ന് അഴിഞ്ഞു വീഴും. ദൈവത്തെ ഭയപ്പെടുക ജീവിതം സൂക്ഷിക്കുക



സിസ്റ്റർ ഷീലാ ദാസ്

# മതപരിവർത്തനമാരോപിച്ച് വിശ്വാസികളെ അറസ്റ്റ് ചെയ്തു

ബഹ്റൈച്ച്: ബഹ്റൈച്ചിലെ നൻപാറ പട്ടണത്തിൽ മതപരിവർത്തമാരോപിച്ച്, ആറുപേർക്കെതിരെ കേസെടുക്കുകയും രണ്ടു വിശ്വാസികളെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ഹിന്ദു ദൈവങ്ങളെ അധിക്ഷേപിക്കുകയും ഒരു കൂട്ടം ഹിന്ദുക്കളെ ക്രിസ്തുമതം സ്വീകരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തുവെന്നാരോപിച്ചാണ് യുപി പോലീസ് അറസ്റ്റ് ചെയ്തത്. ഹിന്ദു സംഘടനയുടെ പ്രാദേശിക ഭാരവാഹിയുടെ പരാതിയിലാണ് പോലീസ് നടപടി. നൻപാറയിലെ സാദത്ത് ഇന്റർ കോളേജിന് സമീപമുള്ള ഭഗ്ഗപൂർവയിൽ ഞായറാഴ്ച ഒരു ക്രിസ്ത്യൻ മിഷനറി സംഘടിപ്പിച്ച പ്രാർത്ഥനാ യോഗം ഒരു കൂട്ടം ഹിന്ദു ഗ്രാമവാസികളെ ക്രിസ്തുമതം സ്വീകരിക്കാൻ പ്രേരിപ്പിക്കുകയായിരുന്നുവെന്ന് ഹിന്ദുത്വ സംഘടനകൾ വാദിക്കുന്നത്.

ഗ്രാമവാസികളെ പ്രലോഭിപ്പിച്ച് ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യുന്നവർ ഹിന്ദു ദേവന്മാരെ ദുരുപയോഗം ചെയ്യുന്നു എന്ന വാർത്ത പ്രചരിച്ചതോടെ ക്ഷുഭിതരായ ഒരു ഡസനിലധികം ഹിന്ദു സംഘടനാ പ്രവർത്തകർ കോട്വാലിയിലെത്തി പരാതി രേഖപ്പെടുത്തി.

മതപരിവർത്തനം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. സോഷ്യൽ മീഡിയയിൽ വൈറലായതോടെ സംഭവത്തിൽ ആറ് പേർക്കെതിരെ പോലീസ് കേസെടുക്കുകയായിരുന്നു. അനിൽ കുമാർ, ദുബാർ, നാരായൺ, ബച്ച്രാജ്, നങ്കെ, മാൾതി ദേവി എന്നിവർക്കെതിരെയാണ് കേസെടുത്തിരിക്കുന്നത്. ഇവർ പ്രാദേശിക സഭയിലെ അംഗങ്ങളാണെന്ന് പറയപ്പെടുന്നു. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ സെക്ഷൻ 295 എ, മതവികാരം വ്രണപ്പെടുത്താൻ ഉദ്ദേശിച്ചുള്ള പ്രവൃത്തികൾ, 298 മതവികാരം വ്രണപ്പെടുത്തുന്ന ബോധപൂർവമായ ഉദ്ദേശ്യത്തോടെയുള്ള വാക്കുകൾ എന്നിവ പ്രകാരമാണ് പ്രതികൾക്കെതിരെ കേസെടുത്തിരിക്കുന്നത്. സംഭവത്തിൽ കേസെടുത്തിട്ടുണ്ടെന്നും അന്വേഷണം പുരോഗമിക്കുകയാണെന്നും പോലീസ് സൂപ്രണ്ട് പ്രശാന്ത് വർമ്മ പറഞ്ഞു.

## സമാധാന ദൗത്യത്തിനായി ഫ്രാൻസിസ് മാർപാപ്പയുടെ പ്രതിനിധി ഉക്രയിനിലേക്ക്




കീവ്:ഉക്രയിൽ സമാധാനം പുനഃസ്ഥാപിക്കാൻ ഉള്ള ശ്രമങ്ങളുടെ ഭാഗമായി ഫ്രാൻസിസ് മാർപാപ്പയുടെ പ്രതിനിധി കർദിനാൾ മാറ്റിയോ സുപ്പി തിങ്കളാഴ്ച ഉക്രനിയിൽ എത്തി. സമാധാനം കൈവരിക്കാൻ സാധ്യമായ വഴികളെ കുറിച്ച് ഉക്രേനിയന് അധികാരികളുടെ അഭിപ്രായങ്ങൾ കേൾക്കാനായി അദ്ദേഹം കീവിൽ ഉണ്ടായിരിക്കും. റഷ്യക്കും ഉക്രൈനുമിടയിൽ സമാധാനത്തിന്റെ പാത രൂപപ്പെടുത്തുന്നതിന് മാർപാപ്പയുടെ പ്രതിനിധിയായി പ്രവർത്തിക്കാൻ ഫ്രാൻസിസ് മാർപാപ്പ കഴിഞ്ഞ മാസം ഇറ്റാലിയൻ കർദിനാളോട് ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ചാണ് കർദിനാൾ സുപ്പി ഉക്രൈനിൽ എത്തിയത്.

## ഉന്നത വിജയം കരസ്ഥമാക്കി



കോട്ടയം : Plus 2 CBSE പരീക്ഷയിൽ കേരളത്തിൽ നിന്നും ഉന്നത വിജയം കരസ്ഥമാക്കിയ ഏഞ്ചൽ ലീ തോമസിനു ങഘഅ തിരുവഞ്ചൂർ രാധാകൃഷ്ണൻ ലഃരലഹഹലിരല അവാർഡ് നൽകി ആദരിച്ചു. കോട്ടയം ഹോളി ക്രോസ്സ് സ്കൂൾ വിദ്യാർഥിനിയാണ് ഏഞ്ചൽ ലീ തോമസ്.
10 വേ ക്ലാസ്സ് വരെ ഷാർജ എമിരേറ്റ്സ് സ്കൂളിൽ ആയിരുന്നു വിദ്യാഭ്യാസം. കോഴഞ്ചേരി പുന്നകാട് കർത്തവ്യം ഏഞ്ചൽ വില്ലയിൽ തോമസ് ജോർജ് (കൊച്ചുമോൻ )ന്റെയും സുനിത മേരി തോമസിന്റെയും മൂത്ത മകൾ ആണ് ഏഞ്ചൽ. അതെ സ്കൂളിൽ 8വേ ക്ലാസ്സിൽ പഠിക്കുന്ന അനെറ്റ് മറിയം തോമസ് ഇളയ സഹോദരി ആണ്.

## സൗത്ത് ഏഷ്യൻ വിശ്വാസപരിശീലന ശില്പശാല നേപ്പാളിൽ നടന്നു

Federation of Asian Bishops' Conference (FABC) വിശ്വാസപരിശീലകർക്കായി സംഘടിപ്പിച്ച ശില്പശാല നേപ്പാളിൽ നടന്നു. ലോകത്തിന് സാക്ഷികളായി വിളിക്കപ്പെട്ടവർ' എന്നതായിരുന്നു ശില്പശാലയുടെ ആപ്തവാക്യം. ദക്ഷിണേഷ്യൻ രാജ്യങ്ങളായ ഇന്ത്യ, പാക്കിസ്ഥാൻ, ബംഗ്ലാദേശ്, ശ്രീലങ്ക, നേപ്പാൾ എന്നിവിടങ്ങളിൽ നിന്നായി 33 പ്രതിനിധികൾ സംബന്ധിച്ച വർക്ക്ഷോപ്പിൽ സീറോമലബാർസഭയെ പ്രതിനിധീകരിച്ച് വിശ്വാസപരിശീലന കമ്മീഷൻ സെക്രട്ടറി ഫാ. തോമസ് മേൽവെട്ടത്ത്, ടീം അംഗങ്ങളായ ശ്രീ. ബിനോ പി. ജോസ് പെരുന്തോട്ടത്തിൽ (കാഞ്ഞിരപ്പള്ളി), സി. ഹംബലിൻ സി.എം.സി. (തൃശ്ശൂർ) എന്നിവർ പങ്കെടുത്തു. സീറോമലബാർസഭയുടെ വിശ്വാസപരിശീലന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് മീറ്റിംഗിൽ അവതരിപ്പിച്ചു. മുംബൈ സഹായമെത്രാനും FABCയുടെ സംഘാടകനുമായ ബിഷപ്പ് ആൽവിൻ ഡി സിൽവ സമ്മേളനം ഉദ്ഘാടനം ചെയ്തു

## ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് കുവൈറ്റ് റീജിയൻ സംയുക്ത വാർഷിക കൺവെൻഷൻ

ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് കുവൈറ്റ് റീജിയണിൽ ഉൾപ്പെട്ട് നിൽക്കുന്ന ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് കുവൈറ്റ്, പീസ് ഫെല്ലോഷിപ്പ് ചർച്ച്, റിവൈവൽ ക്രിസ്ത്യൻ ചർച്ച് എന്നീ മൂന്ന് സഭകളുടെ സംയുക്ത ആഭിമുഖ്യത്തിൽ ജൂൺ 7, 8 തീയതികളിൽ (ബുധൻ, വ്യാഴം) വാർഷിക കൺവൻഷൻ നടക്കും. അബ്ബാസിയ പീസ് ഫെല്ലോഷിപ്പ് ചർച്ച് ഹാളിൽ വൈകുന്നേരം 7 മുതൽ 9 വരെ നടക്കുന്ന യോഗത്തിൽ ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് ജനറൽ സെക്രട്ടറി പാസ്റ്റർ ബിജു തമ്പി വചനം ശുശ്രൂഷിക്കും.

Editorial board

**Chief Editor:** Blessin John Malayil
**Managing Editor** Aji George
**Publisher** Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas, Oklahoma.
Pr. Blesson Cherian, Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com

Layout & Design:Shaji Vazhoor.9656571354

ക്രിസ്ത്യൻ മാട്രിമോണി

Born & raised in Qatar, Pentecostal youth (28/5'5) only son, works as a Chemical Engineer (Schlumberger) Marriage proposals are also invited from parents of spiritual and God fearing girls. Preference will be given to those in the Medical field. Phone 97455327348. (WhatsApp) Email: jaj3292000@yahoo.co.in

**Remarriage**
Remarriage,Born Again Syrian Christian Boy,31 yr/172 cm,BE.Mech, Pathanamthitta"9946847617

**വധുവിനെ ആവശ്യമുണ്ട്**
ക്രിസ്ത്യൻ പെന്തകോസ്തു യുവാവ് Age-41, Hight-179 (B. A Sociology, BTH, Dip. Mission., BA. in Minitsry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർവിവാവഹവും പരിഗണിക്കും. **ഫോൺ: 9847683343**

# ഡൽഹിയിൽ ക്രിസ്തീയ ദേവാലയങ്ങൾ അടച്ചുപൂട്ടണം

ന്യൂഡൽഹി: ഡൽഹി അതിരൂപതയിലെ രണ്ടു ദേവാലയങ്ങൾ അടച്ചുപൂട്ടുമെന്ന് തീവ്രഹിന്ദുത്വവാദികളുടെ ഭീഷണി. ഗുരുഗ്രാം ജില്ലയിലെ ഖേർക്കി ദൗലയിലെ സെന്റ് ജോസഫ് വാസ് കത്തോലിക്ക മിഷൻ ദേവാലയത്തിൽ ജൂൺ 4നാണ് അക്രമം ഉണ്ടായതെന്നു അതിരൂപത പബ്ലിക് റിലേഷൻ ഓഫീസർ ശശി ധരൻ പറഞ്ഞു. രാവിലെ 10 മണിക്ക് ഇംഗ്ലീഷിലുള്ള വിശുദ്ധ കുർബാന കഴിഞ്ഞ ഉടൻതന്നെ കാവി ഷാളുകൾ ധരിച്ച ഇരുപത്തിയഞ്ചോളം ആളുകൾ അടങ്ങുന്ന സംഘം ബൈക്കുകളിലും, കാറുകളിലുമായി ദേവാലയത്തിൽ എത്തുകയായിരിന്നു. ത്രിശൂലങ്ങളും വാളുകളുമായി സംഘം, വൈദികനെയും അദ്ദേഹത്തോട് സംസാരിച്ചു കൊണ്ടിരുന്ന രണ്ട് വിശ്വാസികളെയും ഭീഷണിപ്പെടുത്തി.


രണ്ടാഴ്ചക്കുള്ളിൽ ദേവാലയം അടച്ചുപൂട്ടണമെന്നാണ് തീവ്രഹിന്ദുത്വവാദികളുടെ ഭീഷണി. ഹിന്ദു സേനയിൽ നിന്നുള്ളവരാണെന്നു പറഞ്ഞ ഹിന്ദുത്വവാദികൾ ഈ ഗ്രാമത്തിൽ തങ്ങൾ ക്രൈസ്തവ ദേവാലയം അനുവദിക്കില്ലെന്നു വികാരിയായ ഫാ. അമൽരാജിനോട് പറഞ്ഞു. സംഘത്തിൽപെട്ട ഒരാൾ വൈദികനെ മർദ്ദിച്ചു. മർദ്ദനത്തെ തുടർന്ന് കേൾവിക്കുറവ് അനുഭവപ്പെട്ട ഫാ. അമൽരാജ് പോലീസിൽ പരാതിപ്പെട്ടിരിക്കുകയാണ്. വിവരങ്ങൾ അതിരൂപത കാര്യാലയത്തിൽ അറിയിച്ചതിനെത്തുടർന്ന് വികാർ ജനറാൾ ഫാ. വിൻസെന്റ് ഡിസൂസയുടെ നേതൃത്വത്തിലുള്ള സംഘം ഖേർകി ദൌല ഗ്രാമം സന്ദർശിച്ചു. വ്യാവസായിക കേന്ദ്രമായ മാനേസറിനടുത്ത് വാടകക്കെടുത്ത സ്ഥലത്ത് 2021ലാണ് ടിൻ ഷീറ്റ് ഉപയോഗിച്ച് ഈ ദേവാലയം നിർമ്മിച്ചത്. ഹിന്ദി സംസാരിക്കുന്ന 40 കുടുംബങ്ങളും, ഇംഗ്ലീഷ് സംസാരിക്കുന്ന 25 കുടുംബങ്ങളുമാണ് ഇടവകയിൽ ഉള്ളത്. സ്ഥലത്തിന്റെ ഉടമയെ ഹിന്ദുത്വവാദികൾ ഭീഷണിപ്പെടുത്തിയതിനെത്തുടർന്ന്! സ്ഥലം ഒഴിഞ്ഞുപോകണമെന്ന്! സ്ഥല ഉടമ അതിരൂപതയോട് ആവശ്യപ്പെട്ടിരിന്നു.

> **അഞ്ച് ഗ്രാമങ്ങളിലെ മുഖ്യൻമാർ ക്രിസ്ത്യൻ ദേവാലയത്തെ ചോദ്യം ചെയ്തു രംഗത്തുവന്നിരിന്നു. ഈ സമയത്ത് ബജ്രംഗ്ദൾ, വിശ്വഹിന്ദു പരിഷത്ത്, ഗോ രക്ഷക് തുടങ്ങിയ സംഘടനകളിൽ നിന്നുള്ള ഇരുപത്തിയഞ്ചോളം ഹിന്ദുത്വവാദികൾ സ്റ്റേഷനിൽ തടിച്ചു കൂടിയിരുന്നു. പോലീസ് ആവശ്യപ്പെട്ടതിനെത്തുടർന്ന്! ദേവാലയം നിർമ്മിച്ചിരിക്കുന്ന സ്ഥലം സംബന്ധിച്ചരേഖകൾ അതിരൂപതാ സംഘം പോലീസിനു കൈമാറിയിട്ടുണ്ട്.**

സംഘം ദേവാലയത്തിൽ എത്തിയപ്പോൾ 3 പേർ വീണ്ടും അവിടെ എത്തുകയും ജില്ലാ അധികാരികളിൽ നിന്നും ദേവാലയം തുറക്കുന്നതിനെ സംബന്ധിച്ചു ചോദ്യങ്ങൾ ഉയർത്തി. പിന്നീട് അൻപതിനടുത്ത് ആളുകൾ ഉൾപ്പെടുന്ന ഒരു സംഘം വീണ്ടും ദേവാലയത്തിലെത്തി. അപകടം സൂചന ലഭിച്ചതിനെ തുടർന്നു അന്വോഷണ ഉദ്യോഗസ്ഥൻ ദേവാലയത്തിൽ ഉള്ളവരെ പോലീസ് സ്റ്റേഷനിലേക്ക് മാറ്റിയിരുന്നു.

ഡൽഹിയിൽ നിന്നും 55 കിലോമീറ്റർ തെക്ക് പടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന ഫാറൂഖ് നഗറിലെ ദേവാലയം അടച്ചുപൂട്ടണമെന്ന് ഗ്രാമമുഖ്യൻമാർ ആവശ്യപ്പെട്ടതിനെത്തുടർന്ന് പോലീസ് ജൂൺ 1 ന് അതിരൂപതാ സംഘത്തെ സ്റ്റേഷനിലേക്ക് വിളിപ്പിച്ചിരുന്നു. അഞ്ച് ഗ്രാമങ്ങളിലെ മുഖ്യൻമാർ ക്രിസ്ത്യൻ ദേവാലയത്തെ ചോദ്യം ചെയ്തു രംഗത്തുവന്നിരിന്നു. ഈ സമയത്ത് ബജ്രംഗ്ദൾ, വിശ്വഹിന്ദു പരിഷത്ത്, ഗോ രക്ഷക് തുടങ്ങിയ സംഘടനകളിൽ നിന്നുള്ള ഇരുപത്തിയഞ്ചോളം ഹിന്ദുത്വവാദികൾ സ്റ്റേഷനിൽ തടിച്ചു കൂടിയിരുന്നു. പോലീസ് ആവശ്യപ്പെട്ടതിനെത്തുടർന്ന് ദേവാലയം നിർമ്മിച്ചിരിക്കുന്ന സ്ഥലം സംബന്ധിച്ചരേഖകൾ അതിരൂപതാ സംഘം പോലീസിനു കൈമാറിയിട്ടുണ്ട്. എങ്കിലും അവിടെ ദേവാലയം അനുവദിക്കില്ല എന്ന നിലപാടിലാണ് തീവ്ര ഹിന്ദുത്വവാദികൾ.


## മണിപ്പൂരിന് വേണ്ടി ഐക്യ പ്രാർത്ഥന



തിരുവല്ല: മണിപ്പൂരിലെ പീഡിപ്പിക്കപ്പെടുന്ന ജനതയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന ജൂൺ 7 നാളെ തിരുവല്ല കറ്റോട് ജംഗ്ഷൻ ഐ പി സി എബനേസർ ഹാളിൽ (സിമന്റ് ഗോഡൗണിന് സമീപം) നടക്കും.

രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ നടക്കുന്ന സമ്മേളനത്തിന് ഇവാ. സാജൻ പോൾ, പാസ്റ്റർമാരായ ജോർജ് വർഗീസ്, ജോബി വർഗീസ്, കെ എസ് സാമുവൽ, ഗ്ലാഡ്സൺ തോമസ്, അഡ്വക്കേറ്റ് ജോൺ മത്തായി തുടങ്ങിയവർ നേതൃത്വം നൽകും. വിവിധ പ്രാർത്ഥനാ മൂവ്മെന്റുകൾ ചേർന്ന് സംഘടിപ്പിക്കുന്ന സമ്മേളനത്തിന്റെ കൺവീനർമാരായി പാസ്റ്റർ ജേക്കബ് ടി ആന്റണി, പാസ്റ്റർ ബെന്നി ജോസഫ് പാസ്റ്റർ ഷാജി കുര്യൻ, പാസ്റ്റർ ടി.ഒ. രാജു എന്നിവർ പ്രവർത്തിക്കുന്നു.

## അറബിക്കടലിൽ ന്യൂനമർദം തീവ്രമായി; 24 മണിക്കൂറിനകം ചുഴലിക്കാറ്റാകും




തിരുവനന്തപുരം :തെക്ക് കിഴക്കൻ അറബിക്കടലിലെ ന്യൂനമർദം തീവ്ര ന്യൂനമർദമായി മാറി. അടുത്ത 24 മണിക്കൂറിനുള്ളിൽ വടക്ക് ദിശയിൽ സഞ്ചരിച്ച് മധ്യകിഴക്കൻ അറബിക്കടലിൽ ചുഴലിക്കാറ്റായി മാറാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.ചക്രവാതച്ചുഴി തീവ്ര ന്യൂനമർദമായി മാറിയ സാഹചര്യത്തിൽ വരുംദിവസങ്ങളിൽ കേരളത്തിൽ മഴ കനത്തേക്കുമെന്ന് കാലാവസ്ഥ നിരീക്ഷണ കേന്ദ്രം അറിയിക്കുന്നു. ചൊവ്വാഴ്ച ഒരു ജില്ലയിലും പ്രത്യേക മഴ മുന്നറിയിപ്പില്ലെങ്കിലും തെക്കൻ കേരളത്തിലും മധ്യ കേരളത്തിലും പരക്കെ മഴ കിട്ടുമെന്നാണ് കാലാവസ്ഥാവകുപ്പിന്റെ കണക്കുകൂട്ടൽ. വരും ദിവസങ്ങളിൽ കാലവർഷം സജീവമാകും. കടൽ പ്രക്ഷുബ്ധമാകാൻ സാധ്യതയുള്ളതിനാൽ കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്. കേരള തീരത്ത് ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നത് വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

## യുഎസിലെ ആദ്യത്തെ മത ചാർട്ടർ സ്കൂളിന് ഒക്ലഹോമ അംഗീകാരം നൽകി

ഒക്കലഹോമ :ക്രിസ്ത്യൻ യാഥാസ്ഥിതികർക്ക് വിജയം സമ്മാനിച്ചുകൊണ്ട് തിങ്കളാഴ്ച രാജ്യത്തെ ആദ്യത്തെ മതപരമായ ചാർട്ടർ സ്കൂൾ ഒക്ലഹോമ അംഗീകരിച്ചു. നികുതിദായകരുടെ പണം മത വിദ്യാലയങ്ങൾക്ക് നേരിട്ട് നൽകാനാകുമോ എന്ന ഭരണഘടനാ പോരാട്ടത്തിനു ഇതോടെ തുടക്കം കുറിച്ചു. സെവില്ലെ കാത്തലിക് വെർച്വൽ സ്കൂളിലെ സെന്റ് ഇസിദോർ എന്ന ഓൺലൈൻ സ്കൂൾ, ഒക്ലഹോമ സിറ്റിയിലെ റോമൻ കത്തോലിക്കാ അതിരൂപതയും തുൾസ രൂപതയും ചേർന്നാണ്, മതപരമായ പഠിപ്പിക്കലുകൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

> **മൂന്ന് മണിക്കൂർ നീണ്ട മീറ്റിംഗിന് ശേഷം, ഒക്ലഹോമ സ്റ്റേറ്റ് വൈഡ് വെർച്വൽ ചാർട്ടർ സ്കൂൾ ബോർഡ് 32 വോട്ടിനാണു സ്കൂളിന് അംഗീകാരം നൽകിയത്**

ഒരു ചാർട്ടർ സ്കൂൾ എന്ന നിലയിൽ സ്വതന്ത്രമായി കൈകാര്യം ചെയ്യപ്പെടുന്ന ഒരു പൊതു വിദ്യാലയം നികുതിദായകരുടെ ഡോളറുകൾ ഉപയോഗിച്ചു പ്രവർത്തിക്കും. മൂന്ന് മണിക്കൂർ നീണ്ട മീറ്റിംഗിന് ശേഷം, ഒക്ലഹോമ സ്റ്റേറ്റ് വൈഡ് വെർച്വൽ ചാർട്ടർ സ്കൂൾ ബോർഡ് 32 വോട്ടിനാണു സ്കൂളിന് അംഗീകാരം നൽകിയത് . മതപരമായ ചാർട്ടർ സ്കൂളുകളെ പിന്തുണയ്ക്കുന്ന റിപ്പബ്ലിക്കൻ ഗവർണർ കെവിൻ സ്റ്റിറ്റും റിപ്പബ്ലിക്കൻ നിയന്ത്രണത്തിലുള്ള സ്റ്റേറ്റ് ലെജിസ്ലേച്ചറിന്റെ നേതാക്കളും ചേർന്നാണ് സ്കൂൾ ബോർഡ് രൂപീകരിച്ചിരിക്കുന്നത്.



# പ്ലാൻ B



അജിൻ സാം

അവൻ ഉള്ളിലേക്ക് കയറി ഡോർ ലോക് ചെയ്തു. വണ്ടി സ്റ്റാർട്ട് ചെയ്ത് അജ യും ചെറുതായി ഓൺ ചെയ്തു. സീറ്റ് പുറകിലേക്ക് ഒന്ന് ചായ്ച്ചു ചില നിമിഷങ്ങൾ കണ്ണുകൾ അടച്ചു കിടന്നു. മനസിൽ കൂടി എന്തൊക്കെയോ ചില രംഗങ്ങൾ കടന്ന് പോയി. ഒന്നിലും മനസുറയ്ക്കാതെ അവൻ കണ്ണുകൾ തുറന്നു. സീറ്റ് നിവർത്തി വെച്ചു. ഹാൻഡ് ബാഗ് ന്റെ മുകളിലത്തെ ഉറ തുറന്നു അതിൽ വെച്ചിരുന്ന എൻവലപ് എടുത്തു. അതിൽ തന്റെ പേര് എഴുതിയിരിക്കുന്നു: എബ്രഹാം സാമുവേൽ. അവൻ അതു പതുക്കെ തുറന്നു. ഒരു ലെറ്റർ ആണ് . ഇംഗ്ലീഷിൽ കുറേ വരികൾ. Salary Revision & Yearly Incentive letter ആണ് .മുകളിലത്തെ വരികളിൽ ഒന്നും അവന്റെ ശ്രദ്ധ പതിഞ്ഞില്ല..നേരെ താഴോട്ടു പോയി അവിടെ വലിയ അക്ഷരത്തിൽ ഇങ്ങനെ എഴുതിയിരുന്നു : Your Last year Incentive : RS.25,000 ....അവൻ ആ ലെറ്റർ നെഞ്ചോടു ചേർത്തു വെച്ചു.വീണ്ടും സീറ്റ് പുറകോട്ടു ചായ്ച്ചു കിടന്നു. കണ്ണുനീർ ധാരയായി ഒഴുകുന്നുണ്ടായിരുന്നു.

അല്പ സമയം അങ്ങനെ കിടന്ന ശേഷം അവൻ തന്റെ മൊബൈൽ എടുത്ത്, തന്റെ മാനേജർ ന്റെ ംവമമ്വെ ചാറ്റ് വിൻഡോ എടുത്തു..നിറഞ്ഞൊഴുകുന്ന കണ്ണുകളോടെ അവൻ ഇങ്ങനെ എഴുതി :

പ്രീയപ്പെട്ട സാറിനു ,
റിവിഷൻ ലെറ്റർ വായിച്ചു. മറുപടിയായി ഇതു കണക്കാക്കണം.
മുൻപൊരിക്കൽ എന്നോട് നിന്റെ കടം എത്രയുണ്ടെന്ന് ചോദിച്ചപ്പോൾ ഞാൻ 25,30 എന്ന് പറഞ്ഞിരുന്നു .സത്യത്തിൽ വേറെ രണ്ടു കടങ്ങൾ ഉണ്ടാരുന്നത് ഞാൻ പെട്ടെന്ന് ഓർക്കാതെ ആണ് അന്ന് അങ്ങനെ പറഞ്ഞത്. പിന്നീട് ഓർത്തപ്പോൾ സാറിന്റെ അടുത്ത് വന്നു തിരുത്തണം എന്നോർത്തു , പക്ഷെ പിന്നെ മടിച്ചു . ഇതിനു മുൻപ് പലപ്പോഴും ഞാൻ എന്റെ വിഷമങ്ങൾ പ്രത്യേകിച്ചു സാമ്പത്തീക ആവശ്യങ്ങൾ സാറിനോട് പറയുകയും സാർ അതൊക്കെയും പറ്റാവുന്നതിലും അപ്പുറം സാധിച്ചു തരികയും ചെയ്യാറുണ്ടാരുന്നല്ലോ. സാറ്റിസ്ഫാക്ഷൻ ലെറ്റർ ലഭിക്കാതെ ഇരുന്നപ്പോഴും ഓരോ പ്രാവശ്യം ‘ ഈ വർഷം യാതൊരു മാനുഷീക പരിഗണനയും ആർക്കും ഉണ്ടാവില്ല , നിങ്ങളുടെ പ്രയത്നങ്ങൾക്കു മാത്രമായിരിക്കും കിരലിശേല ‘ എന്ന് സാർ പറയുമ്പോഴും എന്റെ നെഞ്ചിൽ ഇടി വെട്ടുമാരുന്നു. കാരണം ഞാൻ എന്തൊക്കെ ചെയ്യുന്നുണ്ട് എന്നുള്ളതു ഈ ലോകത്തു എനിക്കും സാറിനും മാത്രമേ അല്ലെ അറിയൂ. എനിക്കൊന്നും പെരുപ്പിച്ചു കാണിക്കാനോ, ഇല്ലാത്തത് ഉണ്ട് എന്ന് പറയാനോ ഇല്ല .അതു കൊണ്ട് മാനുഷീക പരിഗണന ഇല്ലെങ്കിൽ എന്റെ ശിരലിശേല എന്തായിരിക്കും എനിക്ക് നല്ല പോലെ അറിയാമാരുന്നു. കൂടി പോയാൽ ഒരു 5000 രൂപ കിട്ടും. അതാണെങ്കിൽ പോലും ഒരു പരാതിയും പറയാതെ സന്തോഷത്തോടെ , മുൻപ് ചെയുന്നത് പോലെ, ഞാൻ എന്നെ ഏല്പിച്ച കാര്യങ്ങൾ ഭംഗി ആയി തന്നെ ചെയ്തേനെ. കാരണം , എനിക്കറിയാം , ഞാൻ അർഹിക്കുന്നതിലും ഒരുപാട് കൂടുതൽ കമ്പനി എനിക്കും കുടുംബത്തിനും വേണ്ടി ചിലവാക്കുന്നുണ്ട്.

പക്ഷെ കടം വാങ്ങിയ പൈസയുടെ കാര്യം ഓർക്കുമ്പോൾ വീണ്ടും മനസ്സ് പിടയും. കൊടുക്കാനുള്ളത് പ്രീയപ്പെട്ട ആളുകൾക്ക് തന്നെ ആണ്. അവര് ഒന്നര വര്ഷമായിട്ടു പോലും തിരിച്ചു ചോദിച്ചിട്ടില്ല , എങ്കിലും ഓരോ പ്രാവശ്യവും അവരെ കാണുമ്പോൾ നമുക്ക് ചമ്മൽ ആണ് . എങ്കിലും ഒരു തീരുമാനം എടുത്തു ഈ പ്രാവശ്യം എന്ത് സംഭവിച്ചാലും സർന്റെ മുന്പിലോ അസിസ്റ്റന്റ് സാറിനോടോ വിഷമം പറയാനോ കാല് പിടിക്കാനോ പോകുന്നില്ല. മനസു പോലെ തരട്ടെ. വേറെ ഒന്നും കൊണ്ടല്ല നാണക്കേട് കൊണ്ടാണ് സർ...

ഒരു നാണവുമില്ലാതെ ചെല്ലാൻ പറ്റിയ ഒരു സ്ഥലമേ എനിക്ക് അറിയൂ ദൈവത്തിന്റെ മുമ്പിൽ....ഇന്ന് വരെയും ഞങ്ങളെ പരിപാലിക്കുന്ന ദൈവത്തോട് ഈ വിഷയവും അവതരിപ്പിച്ചു. ദൈവം ഒരു അത്ഭുതം ഞങ്ങൾക്ക് വേണ്ടി ഒരുക്കും എന്ന് വിശ്വാസത്തോടെ ഇരുന്നു. മുൻപിൽ വേറെ ഒരു വഴിയും ഇല്ലല്ലോ. പണയം വെക്കാൻ പോലും ഒന്നുമില്ലാത്തവന് എന്ത് ആ പ്ലാൻ . അതു കൊണ്ട് ഈ കവർ പൊട്ടിക്കുന്നത് വരെ മനസിന്റെ ഒരു വശത്തു പേടിയുടെ ഇടിപ്, മറ്റേ വശത്തു വിശ്വാസത്തിന്റെ ഇടിപ്പ് ആരുന്നു.

Variable salary :25,000 എന്ന് വായിച്ചു കഴിഞ്ഞപ്പോൾ എന്റെ മടിയിൽ വീണ കണ്ണ് നീര് തുള്ളിയ്ക്ക് വിശ്വാസത്തിന്റെ ചൂടാണോ അതോ സന്തോഷത്തിന്റെ തണുപ്പ് ആണോ എന്ന് കൃത്യമായി പറയാൻ എനിക്ക് അറിയില്ല സാർ ...

നിങ്ങളിലൂടെ എന്നെ വീണ്ടും വീണ്ടും ദൈവം സ്നേഹിച്ചു കൊണ്ടേ ഇരിക്കുന്നു...
ഇതൊന്നും കിട്ടിയില്ല എങ്കിലും ഞാൻ പഴയതു പോലെ എന്റെ ജോലികൾ ചെയ്യും .....
ഇതിപ്പോ എന്റെ ജോലി ഭാരം അല്ല കൂട്ടിയത് , മനസിലുള്ള നന്ദി യുടെ ഭാരം കൂട്ടി ...
ഈ കമ്പനിയുടെ വളർച്ചയിൽ ഒരു ഭാഗമാകാൻ എനിക്ക് സാധിച്ചതിൽ ഒരുപാട് സന്തോഷം സർ ....
കൂടുതൽ ശക്തിയോടെ ,സമർപ്പണത്തോടെ പ്രവർത്തിക്കാൻ നിങ്ങളുടെ സ്നേഹവും കരുതലും എന്നെ നിർബന്ധിച്ചു കൊണ്ടേ ഇരിക്കുന്നു ....

ഒരിക്കൽ കൂടി നന്ദി സാർ ....ശുഭരാത്രി.
*****
ദൈവമക്കൾക്കു പ്ലാൻ ആ ഇല്ല , ഒരേ ഒരു പ്ലാൻ, പ്ലാൻ അ യും പ്രാര്ഥനകളെ കേൾക്കുകയും യാചനകളെ നൽകുകയും ചെയുന്ന ജീവിക്കുന്ന ഒരേ ഒരു ദൈവവും അത്രേ ഉള്ളത് ....ഒരേ ഒരു ദൈവം ..

# ബിരുദ പഠനം ഇനി മുതൽ 4 വർഷം



തിരുവനന്തപുരം :സംസ്ഥാനത്ത് മൂന്ന് വർഷ ബിരുദ കോഴ്സുകൾ ഈ വർഷം കൂടി മാത്രം. അടുത്ത കൊല്ലം മുതൽ നാല് വർഷ ബിരുദ കോഴ്സുകളായിരിക്കുമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു അറിയിച്ചു. മൂന്ന് വർഷം കഴിയുമ്പോൾ വിദ്യാർത്ഥികൾക്ക് എക്സിറ്റ് ഓപ്ഷൻ ഉണ്ടാകും. മൂന്നാം വർഷം പൂർത്തിയാകുമ്പോൾ, ബിരുദ സർട്ടിഫിക്കറ്റ് നൽകും.താത്പര്യമുള്ള വിദ്യാർത്ഥികൾക്ക് നാലാം വർഷ ബിരുദ കോഴ്സ് തുടരാം .അവർക്ക് ഓണേഴ്സ് ബിരുദം നൽകും.ഈ വർഷം കോളജുകളെ ഇതിനായി നിർബന്ധിക്കില്ല. നാലാം വർഷം ഗവേഷണത്തിന് പ്രാധാന്യം നൽകും. എക്സിറ്റ് സർട്ടിഫിക്കറ്റ് മൂന്നാം വർഷത്തിൽ മാത്രമേ നൽകൂ. ഇടയ്ക്ക് പഠനം നിർത്തിയ കുട്ടികൾക്ക് റീ എൻട്രിക്കുള്ള സംവിധാനം ഒരുക്കുമെന്നും മന്ത്രി അറിയിച്ചു..
ഈ വർഷം കോളജുകളെ ഇതിനായി നിർബന്ധിക്കില്ല. നാലാം വർഷം ഗവേഷണത്തിന് പ്രാധാന്യം നൽകും. എക്സിറ്റ് സർട്ടിഫിക്കറ്റ് മൂന്നാം വർഷത്തിൽ മാത്രമേ നൽകൂ. ഇടയ്ക്ക് പഠനം നിർത്തിയ കുട്ടികൾക്ക് റീ എൻട്രിക്കുള്ള സംവിധാനം ഒരുക്കുമെന്നും മന്ത്രി അറിയിച്ചു.

# മംഗോളിയ സന്ദർശനത്തിനൊരുങ്ങി ഫ്രാൻസിസ് മാർപാപ്പ



വത്തിക്കാൻ സിറ്റി: ജനസാന്ദ്രത ഏറ്റവും കുറഞ്ഞ രാജ്യങ്ങളിലൊന്നായ മംഗോളിയയിൽ സന്ദർശനം നടത്തുവാൻ ഫ്രാൻസിസ് പാപ്പ. 1300 ക്രൈസ്തവർ ?മാത്രമുള്ള രാജ്യത്തു ആഗസ്റ്റ് 31 മുതൽ സെപ്തംബർ 3 വരെയുള്ള തീയതികളിലാണ് സന്ദർശനം നടത്തുക. രാജ്യത്തിന്റെ പ്രസിഡന്റിന്റെയും കത്തോലിക്ക നേതാക്കളുടെയും ക്ഷണപ്രകാരമാണ് യാത്രയെന്ന് വത്തിക്കാൻ അറിയിച്ചു. അടുത്ത ഏതാനും ആഴ്ചകൾക്കുള്ളിൽ വിശദാംശങ്ങൾ പ്രഖ്യാപിക്കുമെന്ന് വത്തിക്കാൻ വക്താവ് മാറ്റിയോ ബ്രൂണി പറഞ്ഞു. രാജ്യത്തിന്റെ തലസ്ഥാനമായ ഉലാൻബാതറിലെ അപ്പസ്തോലിക് പ്രിഫെക്ടിന് കീഴിലാണ് മംഗോളിയൻ കത്തോലിക്കർ. കഴിഞ്ഞ ഓഗസ്റ്റിൽ, ഇറ്റലിക്കാരനായ ആർച്ച് ബിഷപ്പ് ജോർജിയോ മാരെങ്കോയെ രാജ്യത്തെ കത്തോലിക്ക സഭയുടെ അഡ്മിനിസ്ട്രേറ്ററായി പാപ്പ നിയമിച്ചിരിന്നു. ലോകത്തെ ഏറ്റവും പ്രായം കുറഞ്ഞ കർദ്ദിനാൾ കൂടിയാണ് അദ്ദേഹം. 2016ൽ ആണ് മംഗോളിയയിലെ ആദ്യത്തെ തദ്ദേശീയ വൈദികൻ അഭിഷിക്തനായത്. അതേസമയം സന്ദർശനം യാഥാർത്ഥ്യമാകുന്നതോടെ ചൈനയുമായി 2880 മൈൽ അതിർത്തി പങ്കിടുന്ന മംഗോളിയ സന്ദർശിക്കുന്ന ആദ്യത്തെ മാർപാപ്പ എന്ന പേര് ഫ്രാൻസിസ് മാർ പാപ്പക്ക് സ്വന്തമാകും.



CHRISTIAN LIVE
CHRISTIAN LIVE.IN™
അവതരിപ്പിക്കുന്ന
ഭക്തസ്മരണ
ഷാർജാ
വർഷിപ്പ് സെന്ററിൽ
ബീന ഭക്തവത്സലൻ
ബിബിൻ ഭക്തവത്സലൻ
2023 ജൂലൈ
03
തിങ്കൾ
@ 7.30 PM
നിത്യതയിൽ പ്രവേശിച്ച സുവി. ഭക്തവത്സലന്റെ കുടുംബാംഗങ്ങളും മലയാളത്തിലെ പ്രസിദ്ധ ഭക്തഗായകരും പങ്കെടുക്കുന്ന സംഗീത നിശ.
ക്രിസ്ത്യൻ ലൈവ് മീഡിയയുടെ യു.എ.ഇ യിലെ പ്രവർത്തനങ്ങളുടെ ഔദ്യോഗിക തുടക്കം.
ഡോ.വിത്സൻ ജോസഫ്
ഡോ.കെ.ഓ.മാത്യു
CALL NOW : Bro.Santhosh Eapen : 0506576490